VIII വ്യക്തിപരമായ വിശദീകരണം

LIBRARY ARCHIVES Kerala Legislative Assembly

അവാസ്തവ പ്രസ്താവന

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ബഹുമാനപ്പെട്ട അംഗങ്ങളായ ശ്രീ. എം. നൗഷാദും ശ്രീ. സി. എച്ച്. കുഞ്ഞമ്പുവും പ്രസംഗിച്ചപ്പോൾ തൃപ്പൂണിത്തുറയിലെ എന്റെ തെരഞ്ഞെടുപ്പ് വിജയം ബി.ജെ.പി-യുമായിട്ടുള്ള ധാരണയിലാണെന്ന് പരാമർശിക്കുകയുണ്ടായി. (.....ബഹളം....) ചട്ടം 288 പ്രകാരം ബഹുമാന്യനായ സ്പീക്കർ അനുവദിച്ചിട്ടാണ് ഞാൻ സംസാരിക്കുന്നത്.

മി. സ്പീക്കർ: അദ്ദേഹം ചട്ടം 288 പ്രകാരം എഴുതിത്തന്നിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് അനുമതി നൽകിയത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ കാൽനൂറ്റാണ്ട് കാലം ഞാൻ എം.എൽ.എ. ആയിരുന്നു. ഞാനവിടെ മത്സരിച്ച് വിജയിച്ചതെല്ലാം എൽ.ഡി.എഫ്. കൺവീനർ ഉൾപ്പെടെയുള്ള സി.പി.ഐ.(എം.)-ന്റെ പ്രഗത്ഭരായ നേതാക്കളെ തോൽപ്പിച്ചാണ്. 2006-ൽ ഞാൻ മത്സരിക്കുമ്പോൾ ബി.ജെ.പി-ക്ക് കിട്ടിയത് 4000 വോട്ടാണ്. 2011-ൽ അത് 5000 ആണ്. 2016-ൽ അവർക്ക് 29800 വോട്ട് കിട്ടി. അന്ന് ബി.ഡി.ജെ.എസ്.

ശക്തമായി അവരുടെ കൂടെയുണ്ടായിരുന്നു. അവിടെ പ്രധാനമന്ത്രി വന്നിരുന്നു. മദ്ധ്യകേരളത്തിൽ പ്രധാനമന്ത്രി വന്ന ഏക സ്ഥലം അതാണ്. തുറവൂർ വിശ്വംഭരൻ എന്ന സ്ഥാനാർത്ഥി വളരെയേറെ സ്വീകാര്യതയുള്ള നേതാവായിരുന്നു. അതുകൊണ്ടാണ് ബി.ജെ.പി-ക്ക് അത്രയും വോട്ട് ലഭിച്ചത്. ശ്രീ. പി. രാജീവിന് അറിയാം. അദ്ദേഹം ഡി.വൈ.എഫ്.ഐ. ജില്ലാ സെക്രട്ടറിയായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്..... അങ്ങയുടെ വിശദീകരണം മാത്രം പറയണം, പ്രസംഗം അല്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, പ്രസംഗമല്ല, വിശദീകരണമാണ് നടത്തുന്നത്. ഞാൻ സി.പി.ഐ.(എം.)-ന്റെ പ്രഗത്ഭരായ നേതാക്കളെ തോൽപ്പിച്ചതന്നെയാണ് വന്നത്. പാർലമെന്റ് തെരഞ്ഞെടുപ്പിൽ ബി.ജെ.പി-ക്ക് അവിടെ 25000 വോട്ടേ കിട്ടിയിട്ടുള്ളൂ. പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ 23000 വോട്ടേ കിട്ടിയിട്ടുള്ളൂ. ഇത്തവണ അവർക്ക് 23000 വോട്ട് കിട്ടിയിട്ടുണ്ട്. ഞാൻ അവിടെ ജയിച്ചതിൽ ഇവർക്ക് വിഷമമാണ്, കാരണം, ഇവരുടെ പൊന്നുംകുടമാണല്ലോ തകർന്നൊടിഞ്ഞു വീണത്. സി.പി.ഐ.(എം)-ന്റെ പൊന്നുംകുടം തകർന്നൊടിഞ്ഞുവീണപ്പോൾ നിങ്ങൾക്ക് വിഷമമുണ്ടാകും. അതുകൊണ്ട് ബി.ജെ.പി. വോട്ട് കൊണ്ടാണ്

ഞാൻ ജയിച്ചതെന്നുപറഞ്ഞത്. .....(മൈക്ക് ഓഫ്).....

വ്യവസായവും നിയമവും വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, എന്റെ പേര് പരാമർശിച്ചതുകൊണ്ടാണ് ഞാൻ എഴുന്നേറ്റത്. ഇതിനു മുൻപുള്ള തെരഞ്ഞെടുപ്പുകളിലും ബഹുമാനപ്പെട്ട മെമ്പർ ബി.ജെ.പി-യുടെ വോട്ട് വാങ്ങിത്തന്നെയാണ് വിജയിച്ചതെന്ന് പറഞ്ഞത് വളരെ നന്നായി.

ഗവർണറുടെ പ്രസംഗത്തിന് നന്ദിരേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)

ശ്രീ. കെ. ആൻസലൻ: സർ, ബഹുമാനപ്പെട്ട ഗവർണർ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അവതരിപ്പിച്ച നന്ദിപ്രമേയത്തെ പൂർണ്ണമായും പിന്താങ്ങുന്നു. ഈ ഗവൺമെന്റ് പുതിയതല്ല, കഴിഞ്ഞ ഗവൺമെന്റിന്റെ തുടർച്ചയാണ്. പ്രിയപ്പെട്ട പ്രതിപക്ഷനേതാവ് ഗവർണറുടെ നയപ്രഖ്യാപനത്തെ പരാമർശിച്ചുകൊണ്ടുനടത്തിയ പത്രസമ്മേളനത്തിൽ 'ഈ നയപ്രഖ്യാപനത്തിൽ വലിയ പുതുമയൊന്നുമില്ല, കഴിഞ്ഞ ബഡ്ജറ്റിന്റെ തുടർച്ചയാണ്' എന്ന് സൂചിപ്പിക്കുകയുണ്ടായി. അദ്ദേഹം എന്ത് അടിസ്ഥാനത്തിലാണ് അങ്ങനെയൊരു പരാമർശം നടത്തിയതെന്ന് മനസ്സിലാകുന്നില്ല. കാരണം, ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് കേരളത്തിൽ തുടർഭരണം സാധ്യമാകും എന്ന ഉറപ്പിന്റെ ഭാഗമായിട്ടാണ് 2021 ജനുവരി 15-ാം തീയതി ബഡ്ജറ്റ്

LIBRARY ARCHIVES Kerala Legislative Assembly